
2024
ജൂൺ
വാല്യം 17 | ലക്കം 6
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN




## അനുഗ്രഹസ്രോതസ്സായി
## മൂന്നാർ മൗണ്ട് കാർമൽ ബസിലിക്ക



ജൂൺ 1-ന്

**നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന**

## അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിന്

രൂപതാമക്കളുടെ
**പ്രാർത്ഥനാശംസകൾ!**



മൗണ്ട് കാർമൽ
ബസിലിക്കയുടെ
പ്രഥമ റെക്ടർ
പെരിയ ബഹുമാനപ്പെട്ട

## മൈക്കിൾ വലയിഞ്ചിയിൽ

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2024 JUNE | Registered Newspaper, Reg. No. KERMAL/2008/24745 | VOL.17 ▪ NO.6



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


| | |
|---|---|
| എഡിറ്റോറിയൽ | 04 |
| മൂന്നാർ മൗണ്ട് കാർമൽ ദൈവാലയം ജില്ലയിലെ ആദ്യ ബസിലിക്ക | 06 |
| മൂന്നാർ ഇടവകയിൽ സേവനം ചെയ്ത വികാരിമാർ | 10 |
| മൂന്നാർ ബസിലിക്ക പിന്നിട്ട വഴികൾ | 12 |
| മൂന്നാറിന്റെ ചരിത്രത്തിൽ മൗണ്ട് കാർമൽ ബസിലിക്കയുടെ പങ്ക് | 15 |
| പുണ്യചരിതനായ അൽഫോൺസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന മൂന്നാർ ബസിലിക്ക | 18 |
| രാജകീയ ഇരിപ്പിട ദൈവാലയങ്ങൾ | 19 |
| ഇടവക വാർത്തകൾ | 24 |
| വി.എസ്.എസ്.എസ്. വാർത്തകൾ | 31 |



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



*vijayapuradhuthu@gmail.com*

Editorial

# മൂന്നാർ മൗണ്ട് കാർമ്മൽ ബസിലിക്ക

## വിജയപുരം രൂപതക്ക് അഭിമാനം, അംഗീകാരം, അനുഗ്രഹം

2024 മെയ് മാസം 25-ാം തീയതി ശനിയാഴ്ച വിജയപുരം രൂപതയെ സംബന്ധിച്ച് വളരെ വിശേഷപ്പെട്ട ദിവസമാണ്. അന്നാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പയുടെ നിയോഗപ്രകാരം ഹൈറേഞ്ചിലെ പ്രഥമ ദൈവാലയമായ മൂന്നാർ മൗണ്ട് കാർമ്മൽ ദൈവാലയം ബസിലിക്കയായി വിളംബരം ചെയ്യപ്പെടുന്നതും സമർപ്പിക്കപ്പെടുന്നതും, പ്രത്യേക ദൈവാനുഗ്രഹത്തിന്റെ വിളനിലമായി ദൈവജനത്തിന് തുറന്നുകൊടുക്കപ്പെടുന്നതും. കേരളത്തിലെ 11-ാമത്തെയും കേരള സഭയിലെ 12-ാമത്തെയും ബസിലിക്കയായി വിളംബരം ചെയ്യെപ്പടുന്ന മൂന്നാർ മൗണ്ട് കാർമ്മൽ ദൈവാലയത്തിന്റെ 125-ാം വാർഷികാഘോഷം കൂടിയാണന്ന്.

സ്പെയിനിലെ നവാരാ പ്രൊവിൻസിൽ നിന്നുവന്ന കർമ്മലീത്താ മിഷനറിമാരാണ് ഈ ദൈവാലയം സ്ഥാപിച്ചത്. റോഡ് സൗകര്യങ്ങളോ വാഹന സൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്ത് ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെയും ആദ്ധ്യാത്മിക ശ്രേഷ്ഠത നിറഞ്ഞ പ്രേഷിത പ്രവർത്തനങ്ങളിലൂടെയുമാണ് അവർ ഈ ദൈവാലയത്തിനും ഇടവകക്കും രൂപമേകിയത്. ഹൈറേഞ്ചിലെ പല ഇടവകകളുടെയും മാതൃദൈവാലയമാണിത്. ഇതിന് മുന്നിലും പിന്നിലും പ്രവർത്തിച്ച മിഷനറി വൈദികരെയും അവരോടു ചേർന്ന് പ്രവർത്തിച്ച അൽമായ ശുശ്രൂഷകരേയും കൃതജ്ഞതാപൂർവ്വം ഓർക്കുകയും അവരുടെ പാവനസ്മരണക്കു മുമ്പിൽ പ്രണാമം അർപ്പിക്കുകയും ചെയ്യുന്നു. അവരുടെ ത്യാഗോജ്വലമായ ജീവിതത്തിനും ശുശ്രൂഷകൾക്കും പ്രവർത്തനങ്ങൾക്കുമുള്ള വലിയ അംഗീകാരമാണ് ഈ ദൈവാലയത്തെ ബസിലിക്കയായി ഉയർത്തിക്കൊണ്ട് തിരുസഭ ഏകിയിരിക്കുന്നത്.

രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള വിശ്വാസികളും




കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുമുള്ള മെത്രാന്മാരും വൈദികരും സന്യസ്തരും ഒരുമിച്ചുകൂടിയുള്ള ആഘോഷം വലിയ കൂട്ടായ്മയുടെയും അനുഗ്രഹത്തിന്റെയും കൃപാവരത്തിന്റെയും അനുഭവമാകും. പ്രകൃതി രമണീയമായ പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാറിന് തിലകക്കുറിയായി നിലകൊള്ളുന്ന മൗണ്ട് കാർമ്മൽ ബസിലിക്കയിൽ തീർത്ഥാടകരായി വന്ന് കർമ്മലമാതാവിന്റെ പ്രത്യേക മദ്ധ്യസ്ഥതയിൽ ദൈവാനുഗ്രഹവും ദണ്ഡവിമോചനവും പ്രാപിക്കാൻ അവസരം ഒരുക്കുന്നു മെയ് മാസം 24, 25, 26 തീയതികളിലെ ആഘോഷങ്ങൾ.


അഭിവന്ദ്യ സെബാസ്റ്റിയൻ തെക്കെതേച്ചേരിൽ പിതാവിനോടും സഹായമെത്രാൻ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിനോടും മൗണ്ട് കാർമ്മൽ ബസിലിക്കയുടെ പ്രഥമ റെക്ടറാകുന്ന മൈക്കിൾ വലയിഞ്ചിയിലച്ചനോടും രൂപതയിലെ എല്ലാ വൈദികരോടും സന്യസ്ഥരോടും വിജയപുരം രൂപതാ തനയരോടും മൂന്നാർ, ഹൈറേഞ്ച് വാസികളോടും ചേർന്ന് നമുക്ക് അഭിമാനത്തോടെ ദൈവത്തിന് ആരാധനയും കൃതജ്ഞതയും അർപ്പിക്കാം. കർമ്മലമാതാവിന് സ്തുതികളർപ്പിക്കാം. ദൈവാനുഗ്രഹത്താൽ പൂരിതരാകാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

***- പത്രാധിപർ***

# മൂന്നാർ മൗണ്ട് കാർമൽ ദൈവാലയം
## ജില്ലയിലെ ആദ്യ ബസിലിക്ക

ഹൈറേഞ്ചിലെ ആദ്യ കത്തോലിക്ക ദേവാലയമായ മൂന്നാർ മൗണ്ട് കാർമൽ ദേവാലയത്തെ ബസിലിക്ക പദവിയിലേക്ക് ഫ്രാൻസിസ് മാർപ്പാപ്പ ഉയർത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം മെയ് 25-ന് ഉച്ചകഴിഞ്ഞ് രണ്ടിന് അർപ്പിക്കപ്പെടുന്ന ആഘോഷപൂർവമായ ദിവ്യബലിമധ്യേ രൂപതാധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ മെത്രാൻ നടത്തുന്നു.

വിജയപുരം രൂപതാ മെത്രാൻ സെബാസ്റ്റ്യൻ തെക്കെതേച്ചേരിലിന്റെ കാർമികത്വത്തിൽ നടക്കുന്ന ദിവ്യബലിയിൽ കർദ്ദിനാൾ മാർ ക്ലിമീസ് ബസേലിയസ് വചനപ്രഘോഷണം നടത്തും. കേരളത്തിലെ ലത്തീൻ, സിറോ മലബാർ, മലങ്കര രൂപതകളിൽനിന്നായി ബിഷപ്പുമാരും വൈദികരും വിശ്വാസികളും പങ്കെടുക്കും. ബസിലിക്ക പ്രഖ്യാപനത്തിന് മുന്നോടിയായി മെയ് 19 രാവിലെ 11.00-ന് മൂന്നാർ കെ.ഡി.എച്ച്.ഗ്രൗണ്ടിൽനിന്നും



*ദൈവാലയത്തിനു മുന്നിലുള്ള വി. അന്തോനീസിന്റെ പഴയ കുരിശടി*


ദൈവാലയത്തിലേക്ക് വിളംബരജാഥ നടത്തുകയുണ്ടായി.

ജില്ലയിലെ ആദ്യത്തേതും കേരളത്തിലെ 11-ാമത്തെയും ഇന്ത്യയിലെ 31-ാമത്തെയും ബസിലിക്കയാണ് മൂന്നാർ മൗണ്ട് കാർമൽ ദേവാലയം. ദേവാലയത്തിന്റെ പൈതൃകം, പാരമ്പര്യം, മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് കത്തോലിക്ക സഭയിലെ ഉന്നത പദവിയായ ബസിലിക്ക പദവി ദേവാലയങ്ങൾക്ക് നൽകുന്നത്. മൌണ്ട് കാർമൽ ദൈവാലയത്തിന്റെ 125-ാം ജൂബിലി ആഘോഷ വേളയിലാണ് ബസിലിക്ക പദവി ലഭിക്കുന്നത്. ഒരുവർഷം നീണ്ടുനിന്ന ജൂബിലി സമാപനം മെയ് 26-ന് ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കും. വിജയപുരം രൂപത സഹായ മെത്രാൻ ജസ്റ്റിൻ മഠത്തിൽപ്പറമ്പിലിന്റെ നേതൃത്വത്തിൽ ദിവ്യബലിയും തുടർന്ന് സാംസ്കാരിക സമ്മേളനവും നടക്കും.

മൂന്നാറിലെ തേയിലക്കൃഷിയുടെ ആരംഭകാലഘട്ടത്തിൽ തന്നെ 1898-ലാണ് മൗണ്ട് കാർമൽ സ്ഥാപിതമായത്.

കേരളത്തിന്റെയും തമിഴ്നാട്ടിലെയും വിവിധ ഭാഗങ്ങളിൽനിന്നു മൂന്നാറിലേക്ക് കുടിയേറിയ തൊഴിലാളികളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുവാൻ സ്ഥാപിതമായ ദേവാലയം പിന്നീട് മൂന്നാറിന്റെ ചരിത്രത്തിലെ നാഴികകല്ലായി.

## ബസിലിക്ക പ്രഖ്യാപനം മെയ് 25ന്




*മൂന്നാർ മൗണ്ട് കാർമൽ ദേവാലയം*

1898ലാണ് മൗണ്ട് കാർമ്മൽ ദൈവാലയം സ്ഥാപിതമായത്. ഹൈറേഞ്ചിലെ ആദ്യ കത്തോലിക്കാ ദേവാലയവും തീർഥാടന കേന്ദ്രവുമായ മൂന്നാർ മൗണ്ട് കാർമൽ ദേവാലയം ബസിലിക്ക പദവിയിലേക്ക് ഉയർത്തിയതിന്റെ പ്രഖ്യാപനം 2024 മെയ് 25ന്

ഉച്ചകഴിഞ്ഞ് രണ്ടിന് വിജയപുരം രൂപത മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ നടത്തുമ്പോൾ വെരി റവ. ഫാ. മൈക്കിൾ വലയിഞ്ചിയൽ ബസിലിക്കയുടെ പ്രഥമ റെക്ടറായി ചുമതലയേൽക്കും. ജില്ലയിലെ ആദ്യത്തെ ബസിലിക്കയും കേരളത്തിലെ 11-ാമത്തെയും ഇന്ത്യയിൽ 31-ാമത്തെയും ബസിലിക്കയാണിത്.

സ്പെയിനിൽ നിന്നും എത്തിയ കർമലീത്ത മിഷനറി വൈദികനായ **ഫാ. അൽഫോൻസ് മരിയ ആഞ്ചലസ് ഒസിഡി** ആണ് ദേവാലയം സ്ഥാപിച്ചത്. ആദ്യകാലഘട്ടങ്ങളിൽ ആലുവയിൽ നിന്നു കാൽനടയായാണ് വൈദികർ മൂന്നാറിലെത്തി കുർബാന അർപ്പിച്ചിരുന്നത്. മൂന്നാറിന്റെ സാമൂഹിക, സാംസ്കാരിക, ആധ്യാത്മിക രംഗങ്ങളിലെ മുന്നേറ്റത്തിന് നിർണായക പങ്കാണ് ദേവാലയം വഹിച്ചിട്ടുള്ളത്. നിലവിൽ 800-ഓളം കുടുംബങ്ങളാണ് ബസിലിക്കയുടെ കീഴിലുള്ളത്.

## ബസിലിക്ക ചടങ്ങുകൾക്ക് ഒരുങ്ങി മൂന്നാർ



ബസിലിക്ക പ്രഖ്യാപന ചടങ്ങുകൾക്ക് ഒരുങ്ങി മൂന്നാർ മൗണ്ട് കാർമൽ ദൈവാലയം. ഹൈറേഞ്ചില ആദ്യത്തെ ക്രൈസ്തവ ദേവാലയം 25ന് ബസിലിക്ക പദവിയിലേക്ക് ഉയർത്തപ്പെടുമ്പോൾ, വിജയപുരം രൂപതയിലെയും ജില്ലയിലെയും ആദ്യത്തെ ദേവാലയമായ മൗണ്ട് കാർമൽ പള്ളിയുടെ ആഘോഷം ചരിത്രമാക്കാനുള്ള തയ്യാറെടുപ്പിലാണ് വിശ്വാസികൾ. വിപുലമായ പരിപാടികളോടെയാണ് ബസിലിക്ക പ്രഖ്യാപന ചടങ്ങുകൾ നടക്കുന്നത്. ഇതിന്റെ ഭാഗമായി മൂന്നാർ മൗണ്ട് കാർമൽ ദേവാലയത്തിലെ വിളംബര റാലി മെയ് 19 ഞായർ രാവിലെ 10ന് പഴയ മൂന്നാർ കെഡിഎച്ച്പി ഗ്രൗണ്ടിൽനിന്നും നടത്തിയത്. 26-ാം തീയതി

പകൽ രണ്ടിന് കുർബാന, നാലിന് സാംസ്കാരിക സമ്മേളനവും നടക്കും. വിവിധ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ച മൂന്നാർ സ്വദേശികളായ വിശിഷ്ട വ്യക്തികളെ ചടങ്ങിൽ ആദരിക്കും. 26ന് പകൽ രണ്ടിന് ശതോത്തര രജത ജൂബിലി ദിവ്യബലിയിൽ വിജയപുരം രൂപതാ മെത്രാൻ റവ.ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ, സഹായമെത്രാൻ റവ.ഡോ ജസ്റ്റിൻ മഠത്തിൽപറമ്പിൽ തുടങ്ങിയവർ നേതൃത്വം വഹിക്കും. തുടർന്ന് ഇടവകയിലെ സംഘടനകളുടെ നേതൃത്വത്തിലുള്ള കലാപരിപാടികൾ നടക്കും.

1898ൽ സ്പാനിഷ് മിഷണായ ഫാ.അൽഫോൺസ് തുടക്കം കുറിച്ച ദൈവാലയം 2024 ഫെബ്രുവരി 27 നാണ് ഫ്രാൻസിസ് മാർപാപ്പ ബസിലിക്ക ആയി ഉയർത്തിയത്. തേയിലതോട്ട പണികളുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽനിന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മൂന്നാറിൽ എത്തിയ തൊഴിലാളികളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശത്തോടെയാണ് ഈ ദൈവാലയം നിർമിച്ചത്.

ഒരു വർഷം നീണ്ട ശതോത്തര രജത ജൂബിലിയാഘോഷങ്ങൾ 26ന് സമാപിക്കും. നിർധനരായ വ്യക്തികൾക്കു വീട് നിർമിച്ചു നൽകുക, പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനുള്ള സഹായം, നിർധനരായ കുട്ടികൾക്ക് പഠനസഹായം തുടങ്ങി നിരവധിയായ സഹായ പദ്ധതികളാണ് ജൂബിലിയുടെ ഭാഗമായി നടപ്പിലാക്കിയത്.

## ഇടവകയിൽ നിന്നുള്ള ദൈവവിളികൾ

| | |
|---|---|
| **ഫാ. ജോസഫ് എം.ഡി. അൽമെയ്ഡ** | **18-03-1957** |
| **ഫാ. എം. ധർമ്മരാജ്** | **13-03-1966** |
| **ഫാ. ജോസഫ് ജോൺ** | **13-03-1967** |
| **ഫാ. ജെസ്റ്റീൻ പിൻഹീറോ** | **18-12-1967** |
| **ഫാ. അൽഫോൻസ് ചക്കാലയ്ക്കൽ** | **18-12-1971** |
| **ഫാ. ചാക്കോ പുത്തൻപുരയ്ക്കൽ** | **19-12-1991** |
| **ഫാ. വർഗ്ഗീസ് ആലുങ്കൽ** | **27-12-1999** |
| **ഫാ. ജോസഫ് മീനായിക്കോടത്ത്** | **23-12-2008** |
| **ഫാ. എഡ്വിൻ കടവന്തറ** | **01-01-2002** |
| **ഫാ. സുരേഷ് ആന്റണി** | **30-12-2015** |

# മൂന്നാർ ഇടവകയിൽ സേവനം ചെയ്ത വികാരിമാർ


Rev. Fr. Blessus OCD
1943 - 1946


Rev. Fr. Benedict OCD
1946 - 1957


Rev. Fr. Marian OCD
1957 - 1966


Rev. Fr. Agustine Pinheiro OCD
1966 - 1989


Rev. Fr. Joseph De Almaida
1989 - 1994


Rev. Fr. Joseph Nedunilath
1994 - 1999


Rev. Fr. Joseph Kanappilly
1999 - 2004


Rev. Fr. Henry Kochuparambil
2004 - 2005


Rev. Fr. Jose Kuruvilla Jadenthuruthel
2005 - 2010


Rev. Fr. Joseph John
2010 -2011


Rev. Fr. Sebastian Mathew Villukulam
2011-2016


Rev. Fr. Antony Kanakamangalam
2016 -2018


Rev. Fr. Vincent Paramel
2019-2021

@ Present ➡


Rev. Fr. Micheal Valainchiyil
2021-

# ഇടവക ആരംഭം മുതലുള്ള വികാരിമാരുടെ പേരുകൾ

| | | |
|---|---|---|
| 1. | റവ.ഫാ. അൽഫോൻസ് മരിയ ഡി ലോസ് ആഞ്ചലസ് ഒ.സി.ഡി. | 1854–1916 |
| 2. | റവ.ഫാ. മത്തിയാസ് ഒ.സി.ഡി. | 1919 |
| 3. | റവ.ഫാ. ബ്ലാസിയൂസ് ഒ.സി.ഡി. | 1920–1923 |
| 4. | റവ.ഫാ. സലൂസ്റ്റിൻ ഒ.സി.ഡി. | 1923–1943 |
| 5. | റവ.ഫാ. ബ്ലാസിയൂസ് ഒ.സി.ഡി. | 1943–1946 |
| 6. | റവ.ഫാ. ബെനഡിക്ട് ഒ.സി.ഡി. | 19246–1957 |
| 7. | റവ.ഫാ. മാരിയൻ ഒ.സി.ഡി. | 1957–1966 |
| 8. | റവ.ഫാ. അഗസ്റ്റിൻ പിൻഹീരോ ഒ.സി.ഡി. | 1966–1989 |
| 9. | റവ.ഫാ. ജോസഫ് എം.ഡി.അൽമേഡാ | 1989–1993 |
| 10. | റവ.ഫാ. ജോസഫ് നെടുനിലത്ത് | 1993–1999 |
| 11. | റവ.ഫാ. ജോസഫ് കാനപ്പിള്ളി | 1999–2004 |
| 12. | റവ.മോൺ. ഹെൻട്രി കൊച്ചുപറമ്പിൽ | 2004–2005 |
| 13. | റവ.ഫാ. ജോസ് കാടൻതുരുത്തേൽ | 2005–2010 |
| 14. | റവ.ഫാ. ജോസഫ് ജോൺ | 2010–2011 |
| 15. | റവ.ഫാ. സെബാസ്റ്റ്യൻ വില്ലുകുളം | 2011–2016 |
| 16. | റവ.ഫാ. ആന്റണി കനകമംഗലം | (2016–2018 |
| 17. | റവ.ഫാ. വിൻസെന്റ് പാറമേൽ | (2018–2021 |
| 18. | റവ.ഫാ. മൈക്കിൾ വലയിഞ്ചിയിൽ | (2021– |

# മൂന്നാർ ബസിലിക്ക
## പിന്നിട്ട വഴികൾ....

ഹൈറേഞ്ചിലെ ആദ്യത്തെ കത്തോലിക്കാ ദേവാലയമായ മൂന്നാർ മൗണ്ട് കാർമ്മൽ പള്ളി ഇനി ഇടുക്കി ജില്ലയിലേയും വിജയപുരം രൂപതയിലേയും ആദ്യത്തെ ബസിലിക്ക. 1894-ൽ പുണ്യചരിതനായ സ്പാനിഷ് കർമ്മലീത്ത മിഷണറി അൽഫോൻസച്ചനാൽ തുടക്കം കുറിച്ച മിഷണറി പ്രവർത്തനം 1898-ൽ ഒരു കൊച്ചു ദേവാലയമായ് മാറി. 125 വർഷക്കാലത്തിലേറെയായ് ക്രൈസ്തവ സാക്ഷ്യത്തിന്റെ ഹൈറേഞ്ചിലെ അമ്മ ദേവാലയമായും തറവാട് പള്ളിയായും അനുഗ്രഹദീപ്തിയായ് തിളങ്ങുന്ന മൂന്നാർ മൗണ്ട് കാർമൽ പള്ളിയെ 2024 മാർച്ച് 27ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പ മൈനർ ബസിലിക്കയായ് പ്രഖ്യാപിച്ചതിന്റെ ആഹ്ലാദത്തിലാണ് വിജയപുരം രൂപതയും വിശിഷ്യാ, മൂന്നാർ ജനതയും. 2024 മെയ് 23ന് മൂന്നാർ മേഖലയുടെ ആത്മീയ ശില്പിയായ അൽഫോൺസച്ചന്റെ 108 -ാം ചരമവാർഷികത്തിന്റെ തൊട്ടടുത്ത ദിനമായ, 2024 മെയ് 25 ശനിയാഴ്ച വിജയപുരം രൂപതയുടെ വലിയ ഇടയൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിയിലിന്റെയും അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ സഹായമെത്രാന്റെയും നേതൃത്വത്തിൽ വിവിധ രൂപത മെത്രാന്മാരുടെയും നിരവധി വൈദികരുടെയും കാർമ്മികത്വത്തിൽ അർപ്പിക്കപ്പെടുന്ന പൊന്തിഫിക്കൽ ദിവ്യബലിയിൽ വച്ച് പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ ഡിക്രി വായിക്കും. ബസിലിക്ക ഡയറക്ടർ ഫാ. മൈക്കിൽ വലയിഞ്ചിയുടെയും രൂപതയിലെ വൈദികരുടെയും വിശ്വാസ സമൂഹത്തിന്റെയും മൂന്നാർ ജനതയുടെയും സജീവ സാന്നിധ്യത്തിലാണ് എല്ലാ ഒരുക്കങ്ങളും പൂർത്തികരിച്ചത്.

1887-ൽ ജോൺ ഡാനിയൽ മൺട്രോ എന്ന പ്ലാന്റർ പൂഞ്ഞാർ രാജാവിൽ നിന്നും കണ്ണൻദേവൻ മലകൾ പാട്ടത്തിനെടുത്ത് വ്യവസായം ആരംഭിച്ചത് മുതൽ കേരളത്തിലേയും തമിഴ്നാട്ടിലേയും തൊഴിലാളികൾ മൂന്നാർ മലനിരകളിൽ എത്തിച്ചേർന്നു. 1894-ൽ ആലുവായിൽ നിന്നും 80 മൈൽ ദൂരം കാട്ടുപാതയിലൂടെ നടന്ന് മലകൾ താണ്ടി അതിസാഹസികമായി മൂന്നാറിലെത്തി 13 മാസക്കാലത്തിലേറെ വിവിധ തൊഴിലാളികളെയും തോട്ടം വ്യവസായികളെയും ആശ്രയിച്ച് ഇവിടെ മിഷണറി പ്രവർത്തനങ്ങൾ നടത്തി തിരികെ പോയി. വർഷത്തിൽ ഒന്ന്



ബസിലിക്കയുടെ മധ്യസ്ഥയായ കർമലമാതാവ്



ബസിലിക്കയുടെ അകത്തളം



ദൈവാലയത്തിന്റെ ലളിതമായ തുടക്കം



ആത്മീയതയിൽ സമ്പന്നമായ ബസിലിക്ക ഇന്ന്



*സക്രാരിയുടെ നക്ഷത്രത്തിളക്കത്തിൽ ബസിലിക്കയുടെ അൾത്താര*

*മൂന്നാർ മൗണ്ട് കാർമൽ ബസിലിക്കയുടെ സ്ഥാനീയ ചിഹ്നം*



**പരിശുദ്ധ പിതാവ്**
**ഫ്രാൻസിസ് പാപ്പ**



**അഭിവന്ദ്യ സെബാസ്റ്റ്യൻ**
**തെക്കെതേച്ചേരിൽ പിതാവ്**



**അഭിവന്ദ്യ ജസ്റ്റിൻ**
**മഠത്തിൽപറമ്പിൽ പിതാവ്**

രണ്ട് പ്രാവശ്യം മൂന്നാറിൽ വന്നും പോയും അൽഫോൻസ് അച്ചനും കൂടെയുള്ളവരും പ്രവർത്തനങ്ങൾ തുടർന്നു. നാലുവർഷത്തെ ത്യാഗനിർഭരമായ മിഷണറി പ്രവർത്തനങ്ങളുടെയും പ്രാർത്ഥനകളുടെയും സാക്ഷാത്കാരമായും അച്ചന്റെ ഏറെ നാളത്തെ യാചനകളുടെയും പ്രവർത്തനങ്ങളുടെയും തീവ്രമായ പ്രാർത്ഥനകളുടെയും ഫലമായും മൂന്നാറിൽ ഒരു ചാപ്പലും, ചെറിയ വീടും പണിയാനുള്ള സ്ഥലവും അനുമതിയും കണ്ണൻദേവൻ കമ്പനിയിൽ നിന്നും ലഭിച്ചു. അങ്ങനെ 1898-ൽ കർമ്മല മാതാവിന്റെ നാമധേയത്തിൽ മൂന്നാർ കർമ്മല മലയിൽ ഉയർന്നു വന്ന താത്ക്കാലിക ഷെഡാണ് മൗണ്ട് കർമൽ ദേവാലയം . 1909-ൽ തേയില കമ്പനിയുടെയും, വിദേശ മിഷണറിമാരുടെയും തോട്ടം തൊഴിലാളികളുടെയും സഹകരണത്തോടെ ലക്ഷണമൊത്ത പുതിയ ദേവാലയം പണിതുയർത്തി. 1920 ൽ കുറച്ചുകൂടി വിസ്തൃതി കൂട്ടി.

മൂന്നാർ പള്ളി തുടക്കകാലത്ത് വരാപ്പുഴ രൂപതയുടെ കീഴിലുള്ള ആലുവ പള്ളിയുടെ മിഷൻ കേന്ദ്രമായിരുന്നു. മലബാർ വികാരിയത്തിന്റെയും വരാപ്പുഴ വികാരിയത്തിന്റെയും പിന്നീട് വരാപ്പുഴ അതിരൂപതയുടെയും നേതൃത്വം വഹിച്ചിരുന്ന കർമ്മലീത്ത മിഷണറിമാരായ മെത്രാന്മാരും വൈദികരുമാണ് ഹൈറേഞ്ചിലേക്കുള്ള മിഷൻ പ്രവർത്തനങ്ങൾക്കുള്ള തുടക്കം കുറിച്ചത്. ഏറെ നാളത്തെ ത്യാഗപൂർണ്ണമായ മിഷൻ പ്രവർത്തനങ്ങളിലൂടെ ഹൈറേഞ്ചിൽ കത്തോലിക്കാ സഭ കെട്ടിപ്പടുത്തതും, മൂന്നാർ ദേവാലയം നിർമ്മിച്ചതും അവയെ ശക്തമാക്കി വളർത്തിയതും കർമ്മലീത്തർ തന്നെ.

മൂന്നാർ പള്ളിക്ക് ഭൂമിയും കെട്ടിടത്തിന് ആവശ്യമായ ധനസഹായവും നൽകിയതും പിന്നീട് മൂന്നാറിലെ വിവിധ മിഷൻ കേന്ദ്രങ്ങൾക്കും ഇടവകൾക്കുമുള്ള ഭൂമിയും ദാനമായ് നൽകിയതും കണ്ണൻദേവൻ കമ്പനിയുടെ വിവിധ കാലഘട്ടങ്ങളിലെ ഭരണനേതൃത്വമാണ്.

വരാപ്പുഴ അതിരൂപതയുടെ ഭരണസീമയിലായിരുന്നു മൂന്നാർ. എയ്ഞ്ചൽ മേരി മെത്രാപ്പോലീത്തയുടെ കാലത്ത് 1927-ൽ വരാപ്പുഴ അതിരൂപതയെ രണ്ടായി തിരിച്ചു. എറണാകുളം കേന്ദ്രമാക്കി വടക്കേ ഭാഗവും കോട്ടയം കേന്ദ്രമാക്കി തെക്കേ ഭാഗവും രൂപീകരിച്ചു. തെക്കേ ഭാഗം പിന്നീട് 1930 ജൂലൈ 14ന് വിജയപുരം രൂപതയായ് പ്രഖ്യാപിക്കപ്പെട്ടു. വരാപ്പുഴ അതിരൂപതയുടെ മിഷണറി പ്രവർത്തന അധികാരത്തിൻ കീഴിലുള്ള സ്ഥലങ്ങൾ ആയിരുന്നു ഇന്നത്തെ കോട്ടയം, ഇടുക്കി പ്രദേശങ്ങളെല്ലാം. വരാപ്പുഴ രൂപത വിഭജിച്ച് വിജയപുരം രൂപീകൃതമായപ്പോൾ അന്നത്തെ കോട്ടയം ജില്ലയിൽ ഉൾപ്പെട്ടിരുന്ന ഇന്നത്തെ ഇടുക്കി ജില്ലയും അതിന്റെ ഭാഗമായ ദേവികുളം താലൂക്കും കണ്ണൻദേവൻ മലനിരകളും മൂന്നാറുമെല്ലാം വിജയപുരം മിഷൻ

രൂപതയുടെ കീഴിലായ് മാറി. വിജയപുരം രൂപതയുടെ മെത്രാൻമാരായിരുന്ന ബെനവന്തൂര അരാന OCD പിതാവ്, അബ്രോസ് അബസോളോ OCD പിതാവ്, കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ്, പീറ്റർ തുരുത്തിക്കോണം പിതാവ് എന്നിവരും ഇപ്പോഴത്തെ മെത്രാൻ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവും മറ്റനേകം ത്യാഗനിർഭരരായ വൈദിക ശ്രേഷ്ഠരും ദീർഘവീക്ഷണങ്ങളോടെ പ്രാർത്ഥനാപൂർവ്വം നടത്തിയ മിഷൻ പ്രവർത്തനങ്ങളുടെ നേർസാക്ഷ്യമാണ് ഹൈറേഞ്ച് മിഷൻ കേന്ദ്രങ്ങളുടെ വളർച്ചയും മികവും. സഹായ മെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവ് വൈദീക ജീവിതം ആരംഭിച്ചത് മൂന്നാർ സഹവികാരിയായിട്ടായിരുന്നു എന്നത് മുന്നോട്ടുള്ള പ്രയാണത്തിന് കൂടുതൽ കരുത്തേകുന്നു.

പിന്നിട്ട 125 വർഷക്കാലങ്ങളിൽ ഈ തറവാട് ദേവാലയത്തിന്റെ ശാഖകളായ് കാന്തല്ലൂർ, തലയാർ, എല്ലപ്പെട്ടി, ഗൂഡർളെ, ദേവികുളം, ചിന്നക്കനാൽ, നെടുങ്കണ്ടം കല്ലാർ, ഇടുക്കി, തോപ്രാംകൂടി, അടിമാലി, വട്ടയാർ കല്ലാർ, പള്ളിവാസൽ, ചിത്തിരപുരം എന്നീ വളരെ വിസ്തൃത മേഖലകളിൽ ഇടവകകളായും അവയുടെ സ്റ്റേഷൻ പള്ളികളും സ്കൂളുകളും കോൺവെന്റുകളും ഒക്കെയായും പതിനായിരക്കണക്കിന് വരുന്ന വിശ്വാസസമൂഹമായ് ഹൈറേഞ്ചിൽ പടർന്നു പന്തലിക്കപ്പെട്ടു.

## ജന്മദിനാശംസകൾ




**ജൂൺ**

| | |
|---|---|
| 01 | ഫാ. അനീഷ് ഒ.എഫ്.എം ക്യാപ് |
| 03 | ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് |
| 04 | ഫാ. പീറ്റർ പാലയ്ക്കൽ |
| 05 | ഫാ. വർഗീസ് മറ്റപ്പിള്ളിൽ |
| 06 | ഫാ. ജോസഫ് പൂവത്തുകാട് |
| 07 | ഫാ. ജോൺ മറ്റുപ്പിള്ളിൽ |
| 10 | ഫാ. പീറ്റർ നെൽസൺ |
| 14. | ഫാ. അൽഫോൻസ് ചക്കാലയ്ക്കൽ |
| 16 | ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ |
| 17 | ഫാ. വിക്ടർ ജോർജ്ജറ്റ് മേജർ |
| 19 | ഫാ. ജസ്റ്റിൻ പിൻഹീരോ |
| 21 | ഫാ. ഇമ്മാനുവൽ ചെമ്പാറ |
| 25 | ഫാ. ജോർജ് പുത്തൻപറമ്പിൽ |
| 25 | ഫാ. ജോസഫ് കാനപ്പിള്ളി |
| 28 | ഫാ. തോമസ് പഴവക്കാട്ടിൽ |
| 30 | ഫാ. ജോൺസൺ ഒറ്റത്തെങ്ങുങ്കൽ |

# മൂന്നാറിന്റെ ചരിത്രത്തിൽ മൗണ്ട് കാർമൽ ബസിലിക്കയുടെ പങ്ക്

1894-ൽ അൽഫോൻസച്ചനാൽ ആരംഭിക്കപ്പെട്ട മിഷണറി പ്രവർത്തനം, 1898 ആയപ്പോഴേക്കും ഒരു കൊച്ചു ദേവാലയമായ് മാറി. അന്ന് സ്ഥാപിതമായ മൗണ്ട് കാർമ്മൽ ദേവാലയം ഇന്നും അതിന്റെ ചരിത്രപരമായ പങ്കു വഹിച്ചുകൊണ്ട് മൂന്നാറിന്റെ നാളിതുവരെയുള്ള വികസന വളർച്ചകളിൽ ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ട് എന്നത് യാഥാർഥ്യമാണ്. മൂന്നാറിലെ മൂന്ന് മലകളിലും അനുഗ്രഹ തേജസ്സുകളായ് നിലകൊള്ളുന്ന മൂന്നു ദേവാലയങ്ങൾ മൂന്നാറിന്റെ ഐശ്വര്യമാണ്.



ലോക ശ്രദ്ധ പിടിച്ചു പറ്റിയ റെയിൽവേയും റോപ് വേയും ഉൾപ്പെടെ വികസന കൊടുമുടിയിലായിരുന്ന മൂന്നാറിനെയാകെ തകർത്തെറിഞ്ഞ 1924-ലെ വെള്ളപ്പൊക്കത്തിൽ നിന്നും ജനങ്ങൾ രക്ഷാകേന്ദ്രമായി അഭയം തേടിയതും ദുരിതാശ്വാസ കേന്ദ്രമായി മാറിയതും ഈ അമ്മ ദേവാലയമായിരുന്നു.

ചരിത്ര രേഖകളിൽ കുറിച്ചിട്ടിരിക്കുന്നത് പ്രകാരം കലിതുള്ളി പെയ്തിറങ്ങിയ പെരുമഴയിൽ മൂന്നാർ വെള്ളത്താൽ മുക്കപ്പെട്ടു. ഉയർന്നു വന്ന വെള്ളപ്പൊക്കം വിശുദ്ധ അന്തോണീസിന്റെ കുരിശടിയെ തൊട്ട് പിൻവാങ്ങിയെന്നാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. 1924 വെള്ളപ്പൊക്കത്തിൽ നിന്നുള്ള രക്ഷയ്ക്ക് കാരണഭൂതനായ വിശുദ്ധ അന്തോണിയാരെ ജാതിമതഭേദമെന്യേ മൂന്നാറിന്റെ പഴയ-പുതിയ തലമുറകൾ


തിരികൾ കത്തിച്ച് വണങ്ങുന്നു. യാത്രാവേളകളിലും പുതിയ സംരംഭം തുടങ്ങുമ്പോഴും, വാഹന സുരക്ഷയ്ക്കും, നഷ്ടപ്പെട്ടവ തിരികെ ലഭിക്കുന്നതിനും, രോഗശാന്തിയ്ക്കും, വിവാഹത്തിനായും, ജോലിക്കായും, അത്തരത്തിൽ ജീവിതത്തിന്റെ പ്രധാന ഘട്ടങ്ങളിലെല്ലാം തന്നെ അത്ഭുത പ്രവർത്തകനായ വിശുദ്ധ അന്തോണീസിന്റെ കുരിശടി ഏവർക്കും അത്താണിയും ആശ്വാസവും അനുഗ്രഹവുമായ് നിലകൊള്ളുന്നു.

പട്ടിണിയും വറുതിയും ഏറെ കഷ്ടത്തിലാക്കിയ നിർദ്ധനരായ മൂന്നാറുകാർക്ക് അമേരിക്കൻ സപ്ലേയിൽ നിന്നുള്ള ഗോതമ്പും,പാൽപ്പൊടിയും, ഉപ്പുമാവും, മെയ്സ് പൊടിയും, തുണികളും മറ്റ് സഹായങ്ങളും വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി വഴി മൂന്നാർ പള്ളിയിൽ നിന്ന് നൽകിയത് പഴമക്കാർ ഏറെ നന്ദിയോടെ ഇന്നും സ്മരിക്കുന്നു.

1980കളിൽ കേരള സർക്കാർ മൂന്നാറിൽ ഡാം നിർമ്മിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ വേണ്ടി മൂന്നാർ ജനതയെ കുടിയൊഴിപ്പിക്കുന്നതിന് നടത്തിയ ശ്രമങ്ങളെ അന്നത്തെ വികാരിയായിരുന്ന അഗസ്റ്റിൻ പിൻഹീറോ അച്ചൻ വിവിധ രാഷ്ട്രീയ പാർട്ടികൾ, വ്യാപാരികൾ, സാമൂഹ്യ സംഘടനകൾ എന്നിവരെയെല്ലാം അണിനിരത്തിക്കൊണ്ട് നടത്തിയ ഐതിഹാസിക പോരാട്ടം മൂന്നാറിന്റെ ചരിത്രത്തിന് മറക്കാനാവില്ല. അതുപോലെതന്നെ കേരള മുഖ്യമന്ത്രിയായിരുന്ന വിഎസ് അച്യുതാനന്ദന്റെ നേതൃത്വത്തിൽ മൂന്നാർ ദൗത്യം നടത്തിയപ്പോൾ, മൂന്നാർ ജനകീയ സംരക്ഷണ സമിതിയുടെ നേതൃത്വമേറ്റെടുത്ത് ഫാ.ജോസ് കാടൻതുരുത്തേലും ഇടവകജനങ്ങളും രാഷ്ട്രീയ, വ്യവസായ, സാമൂഹിക സംഘടനകളോട് ചേർന്ന് പോരാടിയതും ചരിത്രം തന്നെ.



*സാമൂഹ്യ വികസന കാരുണ്യ, പ്രവർത്തനങ്ങളുടെ കേന്ദ്രമായ മിസ്സ്*



മൂന്നാർ ടൗണിന്റെ മുഖച്ഛായ മാറ്റിയ കാർമൽ കോംപ്ലക്സ് നിരവധി വ്യാപാരികളുടെ ജീവിത മാർഗമായ് മാറി. '**മൂന്നാർ ഇന്റഗ്രൽ സോഷ്യൽ സർവീസ് സൊസൈറ്റി മിസ്റ്റ്'** – (VSSS) സാമൂഹ്യ വികസന കാരുണ്യ, പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറിക്കഴിഞ്ഞു. കാർമൽടോപ്പ് ,കാർമൽ ഓഡിറ്റോറിയം, ഫാ. അൽഫോൻസ് മെമ്മോറിയൽ ഓഡിറ്റോറിയം തുടങ്ങിയവ നാടിന്റെ വികസനത്തിന്റെയും കൂട്ടായ്മയുടേയും മുഖച്ഛായത്തന്നെ മാറ്റി. ലിറ്റിൽ ഫ്ളവർ സ്കൂൾ, നിർമലാ സൊസൈറ്റി എന്നിവയെല്ലാം നാടിന്റെ മികവുകളായി മാറിക്കഴിഞ്ഞു.

2018ലെ പ്രകൃതിദുരന്ത വേളയിലും കോവിഡ് മഹാമാരിയുടെ കാലത്തും മൗണ്ട് കാർമൽ പള്ളിയുടെ ഓഡിറ്റോറിയങ്ങൾ ദുരിതാശ്വാസ കേന്ദ്രങ്ങളായ് പ്രവർത്തിച്ചു. ഇടവക വികാരിമാർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വവും സഹായവും നൽകി. **'മിസ്റ്റ്'** സഹായ കേന്ദ്രമായ് മാറി. ഇന്നും മൂന്നാറിന്റെ പ്രകൃതി ദുരന്ത ദുരിത സമയങ്ങളിൽ അത്താണിയായ് മൗണ്ട് കാർമൽ പള്ളി മാറുകയാണ്. കർമ്മലിത്ത മിഷണറിമാർ കൈമാറി നൽകിയ പൈതൃകമായ കരുണയും പ്രാർത്ഥനയും സഹായവും ഇന്നും നാടിനായി അഭംഗുരം തുടരുന്നു.

മൂന്നാറിന്റെ വികസന ചിന്തകളിലും പ്രവർത്തനങ്ങളിലും ശുചിത്വ പരിപാലന കൂട്ടായ്മകളിലും നാടിന്റെ നന്മയ്ക്കും മൗണ്ട് കാർമൽ പള്ളി എന്നും സജീവമായ് ഉണ്ടായിരുന്നു, ഇന്നുമുണ്ട്.

# പുണ്യചരിതനായ അൽഫോൺസച്ചൻ

## അന്ത്യവിശ്രമം കൊള്ളുന്ന മൂന്നാർ ബസിലിക്ക




സ്പെയിനിൽ ജനിച്ച് കർമ്മലീത്ത വൈദീകരുടെ ത്യാഗ ജീവിതത്തോടാകർഷണം തോന്നി വൈദികനായ **അൽഫോൺസ് മരിയ ഡി ലോസ് ഏഞ്ചൽസ് OCD** എന്ന അൽഫോൺസച്ചൻ 1894 മുതൽ 1916 വരെയുള്ള 22 വർഷക്കാലത്തെ കഠിനമായ മിഷണറി പ്രവർത്തനങ്ങൾക്കും ലക്ഷ്യ സാക്ഷാത്ക്കാരങ്ങൾക്കും ഇടയിൽ അന്നത്തെ കണ്ണൻ ദേവൻ മലനിരകളിൽ ആയിരക്കണക്കിന് തൊഴിലാളികളെ കൊന്നൊടുക്കിയ മലേറിയ ബാധിതരെ പരിചരിച്ചും, നല്ല മരണത്തിന് ഒരുക്കിയും, രോഗഭയം ഇല്ലാതെ കൂദാശകൾ നൽകിയും, രോഗാശ്വാസദായകനായും സ്വയം സമർപ്പിച്ച് അവരുടെ ഇടയിൽ അവരിലൊരാളായ് ജീവിച്ചു. അവസാനം മലേറിയ രോഗത്തിന്റെ തീവ്ര രൂപമായ ബ്ലാക്ക് മലേറിയ പിടിപെട്ട് ശയ്യാവലംബനാവുകയും ഫാദർ ബെനവന്തൂര അരാന OCD (പിൽക്കാലത്ത് വിജപുരം രൂപതയുടെ ആദ്യത്തെ മെത്രാൻ) ഫാദർ സെറാഫിൻ OCD എന്നിവരുടെ പ്രാർത്ഥനാ സാന്നിധ്യത്തിൽ മരണപ്പെടുകയും താൻ സ്ഥാപിച്ച് പടുത്തുയർത്തിയ ദേവാലയത്തിന് അകത്തുതന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു എന്ന അപൂർവതയ്ക്കും നേർസാക്ഷ്യമാണീ മൂന്നാർ ബസിലിക്ക.

# രാജകീയ ഇരിപ്പിട ദൈവാലയങ്ങൾ

ലിജോ പുതുച്ചിറ എരുമേലി

നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ഭാഗമായി കേൾക്കുന്ന രണ്ടു വാക്കുകളാണ് **ബസിലിക്ക ദൈവാലയവും, കത്തീഡ്രൽ ദൈവാലയവും.** ഇവ രണ്ടും തമ്മിലുള്ള വ്യത്യാസമെന്താണ്? ഒരേ സമയം ഒരു ദൈവാലയത്തിന് ബസിലിക്കയും കത്തീഡ്രലുമായിരിക്കുവാൻ സാധിക്കുമോ?

'ബസിലിക്ക' എന്നത് ഒരു ദൈവാലയത്തിന് ലഭിക്കാവുന്ന ഏറ്റവും ഉന്നതമായ കാനോനിക പദവിയാണ്. 'ബസേലിയോസ് ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ബസിലിക്ക എന്ന വാക്കുണ്ടായത്. 'രാജകീയമായത് ' എന്നാണ് ഇതിനർത്ഥം.

പുരാതനകാലത്ത് റോമൻ ചക്രവർത്തിമാരുടെയോ, ന്യായാധിപൻമാരുടെയോ കൊട്ടാരങ്ങളെയായിരുന്നു ബസിലിക്ക എന്ന് പറഞ്ഞിരുന്നത്. ഇതിനുമുകളിലായി അർദ്ധ വൃത്താകൃതിയിലുള്ള ഒരു താഴികക്കുടവും ഉണ്ടായിരുന്നു. ഇതിനു താഴെയായിരുന്നു അവരുടെ ഇരിപ്പിടം. ആദ്യകാലങ്ങളിൽ മതവുമായി യാതൊരു ബന്ധവും ഇല്ലാതിരുന്ന ബസിലിക്ക എന്ന പദത്തെ അന്നത്തെ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ രാജത്വവുമായി ബന്ധപ്പെടുത്തി, ആരാധനാലയങ്ങൾക്ക് ആ പേര് നൽകുകയായിരുന്നു.

കത്തോലിക്കാ സഭയിൽ ഒരു ദൈവാലയത്തെ ബസിലിക്കയായി ഉയർത്തുന്നതിന് ചില മാനദണ്ഡങ്ങൾ പരിശുദ്ധ സിംഹാസനം നിശ്ചയിക്കുന്നുണ്ട്. പ്രസ്തുത ദൈവാലയത്തിന് ചരിത്രപരമായി സവിശേഷത ഉള്ളതായിരിക്കണം. ആ ദൈവാലയത്തിന് വലിയ വിശ്വാസ സമൂഹത്തെ ഉൾക്കൊള്ളാൻ ആവശ്യമായ വലിപ്പവും, ആരാധനാക്രമങ്ങൾ നടത്താനുള്ള അൾത്താരയ്ക്ക് വിസ്താരവും ഉണ്ടായിരിക്കണം. ഏതെങ്കിലും ഒരു വിശുദ്ധന്റെയോ വിശുദ്ധയുടെയോ തിരുശേഷിപ്പോ, നാട്ടിൽ വണങ്ങപ്പെടുന്ന ചിത്രമോ തിരുസ്വരൂപമോ ഉണ്ടായിരിക്കണം. ഇതോടൊപ്പം പ്രസ്തുത ദൈവാലയം ഉൾപ്പെടുന്ന രൂപതയുടെ മെത്രാൻ ഒരു അപേക്ഷ തയ്യാറാക്കി പരിശുദ്ധ സിംഹാസനത്തിന് സമർപ്പിച്ചിരിക്കണം. കാരണം മാർപ്പാപ്പയുടെ അനുമതിയോടുകൂടിയാണ് ഒരു ദൈവാലയം മൈനർ ബസിലിക്ക പദവിയിലേക്ക് ഉയർത്തപ്പെടുന്നത്.

ബസിലിക്കയായി ഉയർത്തപ്പെടുന്ന പ്രസ്തുത ദൈവാലയത്തിന് പരിശുദ്ധ സിംഹാസനവുമായുള്ള സവിശേഷമായ ബന്ധത്തിന്റെ ബാഹ്യ അടയാളമാണ് ബസിലിക്കയുടെ സ്ഥാനിക മുദ്ര. ഇതിലെ താക്കോലുകൾ പത്രോസിന് ഈശോ നൽകിയ അധികാരത്തെ സൂചിപ്പിക്കുന്നു (മത്താ. 16:19).

ബസിലിക്ക ദൈവാലയങ്ങൾ ദണ്ഡവിമോചനങ്ങളുടെ കേന്ദ്രം കൂടിയാണ്. തിരുസഭ അനുമതി നൽകിയിരിക്കുന്ന പ്രത്യക ദിവസങ്ങളിൽ അനുരഞ്ജന കൂദാശ സ്വീകരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുകയും അവിടുത്തെ ആരാധനാക്രമങ്ങളിൽ പങ്കെടുത്ത് മാർപ്പാപ്പയുടെ നിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്ക് പൂർണ്ണദണ്ഡ വിമോചനം സഭ പ്രഖ്യാപിച്ചിട്ടുണ്ട്.

രാജകീയ ദൈവാലയങ്ങളെ മേജർ ബസിലിക്ക, മൈനർ ബസിലിക്ക എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. വിശുദ്ധ നഗരമായ റോമിന്റെ പരിശുദ്ധ കവാടങ്ങൾ (Holy Doors) എന്നറിയപ്പെടുന്ന ദൈവാലയങ്ങളാണ് മേജർ ബസിലിക്കകൾ. സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ്, സെന്റ് ജോൺ ലാറ്ററൻ, സെന്റ് മേരി മേജർ എന്നിവയാണത്. ഈ 4 ദൈവാലയങ്ങൾ പേട്രിയാർക്കൽ ബസിലിക്കകളാണ്. അതായത് പാത്രിയർക്കീസുമാരുടെ സ്ഥാനിക ദൈവാലയം. ഇതുകൂടാതെ സെന്റ് ലോറൻസ് ഔട്ട് സൈഡ് ദ് വാൾ, അസ്സീസിയിലെ ഫ്രാൻസിസിന്റെ ബസിലിക്ക, പോർസിങ്കൂള ദൈവാലയം എന്നിവയും പേട്രിയാർക്കൽ ബസിലിക്കകളാണ്. 4 മേജർ ബസിലിക്കകൾ ഉൾപ്പെടെ 7 പേട്രിയാർക്കൽ ബസിലിക്കകളുണ്ട്. ഇടുകൂടാതെ ലോകത്തിന്റെ നാനാഭാഗത്ത് ബസിലിക്ക പദവി ലഭിച്ചിട്ടുള്ള ദൈവാലയങ്ങളെല്ലാം മൈനർ ബസിലിക്കകളാണ്. ആദ്യത്തെ കത്തോലിക്കാ ബസിലിക്കയും റോമിന്റെ കത്തീഡ്രലുമായ ലാറ്ററൻ ബസിലിക്ക ദൈവാലയങ്ങളുടെ അമ്മയായാണ് അറിയപ്പെടുന്നത്.

AD 313 ൽ ക്രൈസ്തവർക്ക് വിശ്വാസസ്വാതന്ത്ര്യം അനുവദിച്ച കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ നേതൃത്വത്തിലാണ് ആരാധനാലയങ്ങൾ പണികഴിപ്പിക്കപ്പെട്ടതും, ദൈവാലയങ്ങൾ ബസിലിക്ക എന്ന് പ്രഖ്യാപിക്കപ്പെട്ടതും. എന്നാൽ ബസിലിക്കയായി ഉയർത്തപ്പെടുന്ന ദൈവാലയങ്ങൾക്കുള്ള കൃത്യമായ ചട്ടക്കൂട് നിലവിൽ വരുന്നത് പതിനാറാം നൂറ്റാണ്ടുമുതലാണ്.

ഇന്ത്യയിൽ 33 മൈനർ ബസിലിക്കകളുണ്ട് (2024 ഓഗസ്റ്റ് 14 ന് ബസിലിക്ക പദവിയിലേക്ക് ഉയർത്തപ്പെടുന്ന തലശ്ശേരി അതിരൂപതയിലെ ചെമ്പേരി ലൂർദ് ഫൊറോനാ പള്ളി ഉൾപ്പെടെ). റോമൻ സഭയ്ക്ക് 27, സിറോ മലബാർ 5, സിറോ മലങ്കര 1. ഇതിൽ സിറോ മലബാർ, മലങ്കര

സഭകളുടെ എല്ലാ ബസിലിക്കകളും കേരളത്തിലാണ്. KRLCC യ്ക്ക് കീഴിൽ 7 ബസിലിക്കകളുണ്ട്.

ഓരോ രൂപതകളുടെയും ആസ്ഥാന ദൈവാലയങ്ങളാണ് കത്തീഡ്രൽ ദൈവാലയം. എല്ലായ്പോഴും രൂപതാസ്ഥാനത്തോട് ചേർന്നുള്ള പള്ളിയായിരിക്കും കത്തീഡ്രൽ ദൈവാലയമായി നിശ്ചയിക്കപ്പെടുക. എന്നാൽ ചില അവസരങ്ങളിൽ അതിനു മാറ്റം വന്നേക്കാം (വിജയപുരം രൂപതയുടെ വിമലഗിരി കത്തീഡ്രൽ). രൂപതയുടെ അധ്യക്ഷനായ അഭിവന്ദ്യ മെത്രാന്റെ ഔദ്യോഗിക സിംഹാസനമായ 'കത്തീഡ്ര' സ്ഥിതി ചെയ്യുന്ന ദൈവാലയമാണ് കത്തീഡ്രൽ ദൈവാലയം. 'കത്തീഡ്ര' എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം 'ഇരിപ്പിടം' എന്നാണ്. ഇതിൽ നിന്നാണ് 'കത്തീഡ്ര' സ്ഥിതി ചെയ്യുന്ന ദൈവാലയത്തിന് കത്തീഡ്രൽ പദവി ലഭിക്കുന്നത്. ചില കത്തീഡ്രൽ ദൈവാലയങ്ങൾക്ക് ബസിലിക്ക പദവിയും ഉണ്ടായിരിക്കും (കൊച്ചി, എറണാകുളം രൂപതകൾ). ഒരു രൂപതയിൽതന്നെ ഒന്നിലധികം മൈനർ ബസിലിക്കകൾ ഉണ്ടാകാമെങ്കിലും (വരാപ്പുഴ, എറണാകുളം രൂപതകൾ) കത്തീഡ്രൽ ദൈവാലയം ഒന്ന് മാത്രമേ ഉണ്ടായിരിക്കുക യുള്ളൂ.

---

സ്നേഹം നിറഞ്ഞ അച്ചന്മാരെ,

അടുത്ത **വിവാഹ ഒരുക്ക സെമിനാർ കോട്ടയത്തു വച്ചു 2024 ജൂലൈ 11,12,13 (വ്യാഴം, വെള്ളി, ശനി)** തീയതികളിലാണ് നടത്ത പ്പെടുന്നത്. പതിനൊന്നാം തീയതി രാവിലെ ഒൻപതു മണിക്ക് ആരംഭിക്കും.

പങ്കെടുക്കുവാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യപാത്രം, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്.

രജിസ്ട്രേഷൻ ഫീസ് 1750 രൂപ. സെമിനാറിന്റെ അവസാന ദിവസം പതിമൂന്നാം തീയതി രാവിലെ 9.30 ന് മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ മാതാപിതാക്കളും നിർബന്ധമായും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.

**വിളിക്കേണ്ട നമ്പർ :**

1. Mr. Reji John – 9747713183,9961144628
2. Fr. Joseph Babu Poovathumkal – 8606019352
   (Co ordinator Ministry of Family Apostolate )

# കരിയർ ഗൈഡൻസ് സെമിനാർ നടത്തി

## മൂന്നാർ ഇന്റഗ്രൽ സോഷ്യൽ ട്രാൻസ്ഫോർമേഷൻ സൊസൈറ്റി (MISTS)

മൂന്നാർ ഇന്റഗ്രൽ സോഷ്യൽ ട്രാൻസ്ഫോർമേഷൻ സൊസൈറ്റി (MISTS) യുടെയും മൈ മൂന്നാർ മൂവ്മെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പത്താം ക്ലാസ്, പ്ലസ് വൺ, പ്ലസ് ടു കഴിഞ്ഞ കുട്ടികൾക്ക് വേണ്ടി മൂന്നാറിൽ വച്ച് 'അറിവ്' എന്ന പേരിൽ കരിയർ ഗൈഡൻസ് സെമിനാർ നടത്തി. രാവിലെ 10 .30 ന് ആരംഭിച്ച സെമിനാർ ദേവികുളം ഡിവൈഎസ്പി ശ്രീ. അലക്സ് ബേബി ഉദ്ഘാടനം ചെയ്തു. യോഗത്തിന് മൈ മൂന്നാർ മൂവ്മെൻറ് കോഡിനേറ്റർ ശ്രീ സോജൻ ഏ സ്വാഗതം ആശംസിച്ചു. മൂന്നാർ ഇന്റഗ്രൽ സോഷ്യൽ ട്രാൻസ് ഫോർമേഷൻ സൊസൈറ്റി (MISTS) ഡയറക്ടർ ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു മലയോരമേഖലയിൽ ഈ രീതിയിലുള്ള പ്രോഗ്രാമുകൾ വിരളമാണെന്നും സൊസൈറ്റി ഈ രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ മുൻതൂക്കം കൊടുക്കുമെന്ന് അദ്ദേഹം അധ്യക്ഷ പ്രസംഗത്തിലൂടെ സൂചിപ്പിച്ചു. ആശംസകൾ അറിയിച്ചു കൊണ്ട് മൂന്നാർ AEO ശ്രീ ഇ. ശരവണൻ, ശ്രീമതി ഹെപ്പ്സി (ബ്ലോക്ക് പ്രമോട്ടർ പ്രോഗ്രാം കോഡിനേറ്റർ മൂന്നാർ), ഡോ. മനേഷ് (പ്രിൻസിപ്പൽ, മൂന്നാർ ഗവണ്മെന്റ് കോളേജ്) എന്നിവർ സംസാരിച്ചു. ഉച്ച കഴിഞ്ഞ് ദേവികുളം സബ് കളക്ടർ ശ്രീ. ജയകൃഷ്ണൻ VM I.A.S. ക്ലാസ്സ് നയിച്ചു. വിഎസ് എസ് എസ് പ്രോഗ്രാം കോഡിനേറ്റർ ശ്രീ മാത്യു ജോസഫ് പരിപാടികൾക്ക് നന്ദി അർപ്പിക്കുകയും ചെയ്തു.




*മൂന്നാറിൽ വച്ച് നടന്ന അറിവ് കരിയഗൈഡൻസ് സെമിനാർ ദേവികുളം DYSP ശ്രീ. അലക്സ് ബേബി ഉദ്ഘാടനം ചെയ്യുന്നു.*



വിശുദ്ധ അന്തോണീസിന്റെ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന മൂന്നാർ ടൗണിൽ സ്ഥിതിചെയ്യുന്ന കുരിശടി

## പരേതരെ സ്മരിക്കാം ജൂൺ

| | | |
|---|---|---|
| 02 | (1993) | ഫാ. ലൂയിസ് മേരി ഒ.സി.ഡി |
| 03 | (1995) | ഫാ. ഫ്രാൻസിസ് കുരുതുകുളം |
| 17 | (1982) | ഫാ. പീറ്റർ കുട്ടംപറമ്പിൽ (സി.) |
| 17 | (2000) | ഫാ. സെബാസ്റ്റ്യൻ മുണ്ടഞ്ചേരി ഒ.സി.ഡി. |
| 17 | (2000) | ഫാ. ആന്റണി കൊടുവേലിപറമ്പിൽ ഒ.സി.ഡി. |
| 20 | (1984) | ഫാ. പയസ് മേരി ഒ.സി.ഡി. |
| 20 | (2020) | ഡോ. ഫ്രാൻസിസ് പാറവിള |
| 25 | (1983) | ഫാ. യൂജിൻ ഒ.സി.ഡി. |



# ഇടവക വാർത്തകൾ



2024, മെയ് 04, ശനിയാഴ്ച്ച, ചാത്തൻതറ സെൻ്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ അഭി. ജസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവ് 48 പേർക്ക് സ്ഥൈര്യലേപനം നൽകി. തുടർന്ന് ഇടവക സന്ദർശനത്തിൻ്റെ ഭാഗമായി അഭി. പിതാവിൻ്റെ നേതൃത്വത്തിൽ പൊതുയോഗം നടത്തപ്പെടുകയും, പുതിയതായി പണിചെയ്ത് വെഞ്ചരിക്കപ്പെട്ട സെമിത്തേരി സന്ദർശിക്കുകയും, പുതിയ കപ്പേള ആശീർവാദനം പിതാവ് നടത്തുകയും ഒപ്പീസ് ചൊല്ലുകയും ചെയ്തു.




Pre Marriage Course May 2024 -Batch



അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിയിൽ പിതാവ് സ്പെയിനിലെ പാമ്പ് ല്ലോണയിലെ ബിദാസോവ സെമിനാരി സന്ദർശിച്ച് ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. രൂപത അംഗമായ ഫാദർ അനോഷ്, ഫാദർ അജിത്ത് ബ്രദർ മിഥുൻ എന്നിവർ പിതാവിനോടൊപ്പം ബലിയിൽ സംബന്ധിച്ചു.




The Synodal Way of Lay Leadership എന്ന പേരിൽ ഭാരതത്തിലെ മലയാള രൂപതകളിൽ നിന്നുമുള്ള ആത്മായ നേതാക്കൾക്കായുള്ള നേതൃ പരിശീലന ക്യാമ്പ് 2024 ഏപ്രിൽ 19 മുതൽ 24 വരെ ബാംഗളൂർ NBCLC യിൽ വച്ച് നടന്നു. മുപ്പതോളം രൂപതകളിൽ നിന്നായി 100 പ്രതിനിധികൾ പങ്കെടുത്ത ഈ നാഷണൽ ക്യാമ്പിൽ വിജയപുരം രൂപതയെ പ്രതിനിധീകരിച്ച് പാസ്റ്ററൽ കൗൺസിൽ ജോയിൻറ് സെക്രട്ടറി ശ്രീ.സാജു ജോസഫ് പുല്ലരിക്കുന്ന്, KLCWA രൂപതാ പ്രസിഡൻ്റ് ശ്രീമതി. ജാക്വിലിൻ ഫെർണാണ്ടസ് പെരുമ്പാവൂർ , KCYM രൂപതാ പ്രസിഡൻറ് ശ്രീ. അജിത് അൽഫോൻസ് കുട്ടിക്കാനം, DCMS രൂപതാ കമ്മറ്റിയംഗം ശ്രീ. ജോസഫ് വടശ്ശേരി കാത്തിരപ്പാറ, KLM രൂപതാ കമ്മറ്റിയംഗം ശ്രീമതി. ലിസ്സി പൈലൊ പൊടിമറ്റം എന്നിവർ പങ്കെടുത്തു.



കെസിവൈഎം വിജയപുരം രൂപത മുണ്ടക്കയം മേഖലയുടെ 'ഫിയ 2024' നൈറ്റ് ക്യാമ്പ് കെസിവൈഎം വാഴൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വാഴൂർ മൗണ്ട് കാർമൽ ദേവാലയത്തിൽ വെച്ച് ഏപ്രിൽ 27,28 തിയതികളിലായി നടത്തപ്പെട്ടു.

മേഖല ഡയറക്ടർ ഫാ. സജി പൂവത്തുകാടിന്റെയും വാഴൂർ യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു വട്ടമാക്കലിന്റെയും സാന്നിധ്യത്തിൽ കെസിവൈഎം മുണ്ടക്കയം മേഖല പ്രസിഡന്റ് പ്രിൻസ് എബ്രഹാം കെസിവൈഎം പതാക ഉയർത്തിക്കൊണ്ട് ക്യാമ്പിന് തുടക്കം കുറിച്ചു.

തുടർന്ന് നടന്ന ക്ലാസ്സുകളിലും ഗെയിമിംഗ് പ്രോഗ്രാമുകളിലും ക്യാമ്പ് ആക്ടിവിറ്റികളിലും അറുപതോളം യുവജനങ്ങൾ മേഖലയുടെ വിവിധ യൂണിറ്റുകളിൽ നിന്നും പങ്കെടുത്തു. യുവജനങ്ങൾക്കായി ലൈഫ് മോട്ടീവേഷണൽ ക്ലാസ് ഫാ. തോമസ് തയ്യിൽ (എസ് എം വൈ എം പാല രൂപതാ ഡയറക്ടർ), കെ സി വൈ എം അവേർനെസ് ക്ലാസ് അജിത്ത് അൽഫോൺസ് (കെ സി വൈ എം വിജയപുരം രൂപത പ്രസിഡന്റ്)നിർവഹിച്ചു. കെ സി വൈ എം സംസ്ഥാന സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട സുബിൻ കെ സണ്ണിയ്ക്ക് മേഖലയുടെ സ്നേഹാദരവ് നൽകി. സമാപന ദിവസം കെസിവൈഎം വിജയപുരം രൂപത ഡയറക്ടർ ഫാ. ജോൺ വിയാനി, മേഖല ഡയറക്ടർ ഫാ.സജി പൂവത്തുകാട്, വാഴൂർ യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു വട്ടമാക്കൽ എന്നിവർ രണ്ടു ദിവസങ്ങളിലായി നീണ്ടു നിന്ന ക്യാമ്പിന് സമാപന ആശംസകൾ നൽകി സംസാരിച്ചു. തുടർന്ന് ക്യാമ്പിന്റെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച ഏവർക്കും മേഖല സമിതി നന്ദി അർപ്പിച്ച് സംസാരിച്ചതോടെ ക്യാമ്പ് പര്യയവസാനിച്ചു.



*ഏലപ്പാറ ഇൻഫന്റ് ജീസ്സ ഇടവകയിൽ നിന്നും സ്ഥൈര്യലേപനം സ്വീകരിച്ച കുട്ടികൾ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനോടൊപ്പം*



മഹാത്മാഗാന്ധി
സർവ്വകലാശാലയിൽ
ബി എ പൊളിറ്റിക്കൽ സയൻസിൽ
രണ്ടാം റാങ്ക് നേടിയ
നാട്ടകം ഗവൺമെന്റ് കോളേജിലെ
വിദ്യാർത്ഥിയും
കുറിച്ചി സെന്റ് ഫ്രാൻസിസ് സേവിയർ
ഇടവക അംഗവുമായ

**റിജു രാജു**
**നെടുംപറമ്പിലിന്**

വിജയപുരം രൂപതയുടെ

**അഭിനന്ദനങ്ങൾ**

**തിരുത്ത്**

2023 വർഷത്തിൽ പാമ്പനാർ സേക്രഡ് ഹാർട്ട് ഇടവകയിൽനിന്നും പി.എം.എ.യ്ക്ക് ആയി ലഭിച്ച തുക **1,05,000/-** രൂപ ആണ്. 2024 മെയ് ലക്കം വിജയപുര ദൂതിൽ ഇത് തെറ്റായി പ്രസിദ്ധീകരിച്ചതിൽ ഖേദിക്കുന്നു.

# ആത്മാഭിമാനത്തോടെ മൂന്നാർ മൗണ്ട് കാർമൽ ബസിലിക്കയിൽ!

**Sr. റോസിലി സേവ്യർ**
Mother Superior, Holy Cross Convent, Munnar

പ്രകൃതി ഭംഗി കൊണ്ട് അനുഗ്രഹീതവും വിനോദസഞ്ചാരികളുടെ പറുദീസയുമായ മൂന്നാറിന്റെ ഹൃദയഭാഗത്ത് അനേകർക്ക് പ്രകാശഗോപുരമായി പരിലസിക്കുന്ന മൂന്നാർ മൗണ്ട് കാർമൽ ഇടവക ഒരു മൈനർ ബസിലിക്കയായി ഉയർത്തപ്പെടുന്നതിനോടൊപ്പം ശതോത്തര ജൂബിലിയുടെ നിറവിലുമാണ്..'*സിസ്റ്റേഴ്സ് ഓഫ് ദ ക്രോസ് ഓഫ് ഷാവനോ'* എന്ന ഞങ്ങളുടെ സന്യാസ സമൂഹത്തിന് ഇത് സന്തോഷത്തിന്റെ, അഭിമാനത്തിന്റെ ധന്യമുഹൂർത്തങ്ങളാണ്.

1957-ൽ അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും നിറഞ്ഞ നിർധനരും, നിരക്ഷരരുമായ തോട്ടംതൊഴിലാളികളുടെ ഇടയിലേക്ക് അറിവിന്റെ തിരിനാളവുമായി ***സിസ്റ്റേഴ്സ് ഓഫ് ദ ക്രോസ് ഓഫ് ഷാവനോ*** എന്ന കോൺഗ്രിഗേഷൻ കടന്നുവന്നു. വിജയപുരം രൂപതയുടെ കീഴിലുള്ള കോൺവെന്റ് മൂന്നാറിൽ സ്ഥാപിതമായതുതന്നെ, കണ്ണൻ ദേവൻ കമ്പനിയുടെ അധീനതയിലുള്ള തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടെയായിരുന്നു.

വിജയപുരം രൂപതയുടെ അന്നത്തെ മെത്രാൻ ആയിരുന്ന അഭിവന്ദ്യ അംബ്രോസ് അബസോളോ പിതാവിന്റെ നിർദ്ദേശപ്രകാരം സിസ്റ്റർ കാർമലിൻ, സിസ്റ്റർ തെരസിറ്റ എന്നിവർ മൂന്നാറിലെത്തി ഇടവക പള്ളിയോട് ചേർന്നുള്ള ഒരു ഷെഡ്ഡിൽ താമസിച്ചു കൊണ്ട് 5 -ാം സ്റ്റാൻഡേർഡ് മലയാളം-തമിഴ് ക്ലാസുകൾ ആരംഭിച്ചു. മൂന്നാർ മൗണ്ട് കാർമൽ ദേവാലയത്തിൽ അന്ന് വികാരിയായിരുന്ന ബഹുമാനപ്പെട്ട മരിയാൻ ഓ.സി.ഡി. അച്ചൻ, ബെഞ്ചമിൻ അച്ചൻ എന്നിവരെ ഹോളിക്രോസ് സഭയ്ക്ക് വിസ്മരിക്കാനാവില്ല. ബാലാരിഷ്ടതകൾ തരണം ചെയ്യുന്നതിൽ ഇവർ ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ആദരണീയരായ ഈ വൈദികർക്ക് നിത്യശാന്തി നേരുന്നു.

അക്ഷര വെളിച്ചവും ജീവിത ദർശനവും നൽകി അനേകായിരം

പ്രതിഭകളെ വാർത്തെടുത്തുകൊണ്ട് മുന്നേറുന്ന മൂന്നാർ ലിറ്റിൽ ഫ്ലവർ സ്കൂളിനോടൊപ്പം 1972-ൽ തുടക്കം കുറിക്കപ്പെട്ട സിസ്റ്റേഴ്സിന്റെ മറ്റൊരു സ്ഥാപനമാണ് **നിർമ്മല വിമൻസ് ഇൻഡസ്ട്രിയൽ സൊസൈറ്റി.** ഇതിന്റെ വളർച്ചയിൽ അഹോരാത്രം പരിശ്രമിച്ച അന്നത്തെ വികാരിയായിരുന്ന ബഹുമാനപ്പെട്ട ഫാദർ അഗസ്റ്റിൻ പിൻഹീറോയും ഹോളിക്രോസ് സന്യാസ സമൂഹവും അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നു. തുടർന്ന് മൗണ്ട് കാർമൽ ദേവാലയത്തിൽ ശുശ്രൂഷ ചെയ്ത എല്ലാ സ്നേഹ ബഹുമാനപ്പെട്ട വൈദികരും ഞങ്ങളുടെ ആത്മീയ ഭൗതിക വളർച്ചയിൽ ഏറെ ശ്രദ്ധാലുക്കളായിരുന്നു.

1957 മുതൽ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സിന്റെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ ഉണ്ടായിരുന്നു. മാറിവരുന്ന ഇടവക വികാരിമാരോടൊപ്പം വ്യക്തമായ ദിശാബോധത്തോടെ ക്രിയാത്മകമായി പ്രേക്ഷിത തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ, ഇടവക മക്കളെ വിശ്വാസത്തിലേക്ക് വളർത്തുവാൻ ഒരു പരിധി വരെ ഞങ്ങളും പങ്കാളികളായതിൽ അതിയായ സന്തോഷമുണ്ട്.

## ഇടവകയോട് ചേർന്ന് നിന്നുകൊണ്ടുള്ള ഞങ്ങളുടെ പ്രധാനപ്പെട്ട സേവനങ്ങൾ

### കുടുംബപ്രേഷിത പ്രവർത്തനം

ഇടവകയിലെ ഭവനങ്ങൾ നിരന്തരമായി സന്ദർശിച്ച് അവർക്ക് ആവശ്യമായ ആത്മീയ, ഭൗതിക സഹായങ്ങൾ ചെയ്യുന്നതിനോടൊപ്പം കുട്ടികൾ, യുവാക്കൾ, മുതിർന്നവർ എന്നിവർക്ക് കൗൺസിലിംഗും നൽകിവരുന്നു.

വിശ്വാസ പരിശീലനം, ഭക്ത സംഘടനകൾ, ആദ്യകുർബാന സ്വീകരണം, വിവാഹത്തിന് ഒരുക്കമായുള്ള ക്ലാസുകൾ, അൾത്താര അലങ്കരിക്കൽ, കുടുംബ കൂട്ടായ്മ (B. C. C.) എന്നിവയിൽ സിസ്റ്റേഴ്സ് സജീവമായി പ്രവർത്തിക്കുന്നു.

### സാമൂഹ്യ പ്രവർത്തനം

സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾക്ക് സ്പോൺസർഷിപ്പ് സഹായം , ഭവന നിർമാണം, മെഡിക്കൽ സഹായം

തുടങ്ങിയവ ചെയ്തുവരുന്നു. തോട്ടംപണിക്കാരുടെയും കൂലിപ്പണിക്കാരുടെയും വീടുകളിലെ സ്ത്രീകൾക്ക് ഉപജീവനത്തിന്റെ മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുകയെന്ന ഉദ്ദേശത്തോടെ തൊഴിലധിഷ്ഠിത പരിശീലനങ്ങളും പ്രവർത്തനങ്ങളും നൽകി വരുന്നു. മെഴുകുതിരി നിർമ്മാണം, ദിവ്യബലിക്കായി ഉപയോഗിക്കുന്ന ഓസ്തിയുടെ നിർമാണം, ഓഫ് സെറ്റ് പ്രിന്റിംഗ്, തയ്യൽ, എംബ്രോയിഡറി എന്നിവ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ഈ കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാനാവാതെ ജീവിതം വഴിമുട്ടി നിൽക്കുന്ന കുട്ടികൾക്ക്, യുവജനങ്ങൾക്ക്, തകർന്ന കുടുംബങ്ങൾക്ക് ഒരു ദിശാബോധം നൽകാനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് അവരെ കൈപിടിച്ചു നടത്താനും കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ കാലോചിതമായ പ്രവർത്തനങ്ങൾ നടത്തുന്നു. ആഴ്ചയിലൊരിക്കൽ മൂന്നാർ പോലീസ് സ്റ്റേഷനുമായി സഹകരിച്ച് ചെയ്യുന്ന കൗൺസിലിംഗ് സേവനം ഈ പ്രദേശത്തുള്ളവർക്ക് ഏറെ ആശ്വാസകരമാണ്.

കോടമഞ്ഞിലും കനത്ത മഴയിലും കാട്ടുമൃഗങ്ങളുടെ ഭീഷണിയിലും വിശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും പ്രകാശം പരത്തിയ കഥയാണ് മൗണ്ട് കാർമൽ ദേവാലയത്തിനും സിസ്റ്റേഴ്സ് ഓഫ് ദ ക്രോസ് ഓഫ് ഷാവനോ എന്ന സന്യാസ സമൂഹത്തിലെ സഹോദരിമാർക്കും പറയാനുള്ളത്. മൂന്നാറിലെ തോട്ടം തൊഴിലാളികളുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ ദീപം കൊളുത്താൻ, വിശുദ്ധിയുടെ പരിമളം പരത്താൻ ഞങ്ങൾക്ക് സാധിക്കുന്നുവെന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

ഫ്രാൻസിസ് മാർപാപ്പ മൗണ്ട് കാർമൽ ഇടവകയെ മൈനർ ബസിലിക്ക പദവിയിലേക്ക് ഉയർത്തുമ്പോൾ ഞങ്ങൾക്ക് അതിയായ ആനന്ദവും അഭിമാനവും ഉണ്ട്. 125-ാം വർഷത്തെ ജൂബിലിക്ക് ദൈവം കനിഞ്ഞു നൽകിയ സമ്മാനമായി ഞങ്ങൾ ഇതിനെ കാണുന്നു. തുടർന്നും ഇടവക മക്കൾക്ക് പരിശുദ്ധ കർമല മാതാവിന്റെ ശക്തമായ മാധ്യസ്ഥത്താൽ ദൈവകാരുണ്യം പ്രാപിക്കുന്നതിനും വിശ്വാസത്തിൽ ആഴപ്പെടുന്നതിനും വിശുദ്ധിയിൽ ജീവിക്കുന്നതിനും സാധിക്കട്ടെ.

മൂന്നാർ മൗണ്ട് കാർമൽ ബസിലിക്ക വിജയപുരം രൂപതയ്ക്കും മൂന്നാർ മേഖലയ്ക്കും സമീപപ്രദേശങ്ങൾക്കും തീർത്ഥാടനത്തിനായി ഇവിടെ കടന്നുവരുന്ന നാനാ ജാതി ജനങ്ങൾക്കും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്ന ഒരു അനുഗ്രഹസ്രോതസ്സായി എന്നെന്നും പ്രശോഭിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ബസിലിക്ക പ്രഖ്യാപനത്തിന്റെയും ജൂബിലിയുടെയും മംഗളങ്ങളും ആശംസകളും സ്നേഹപൂർവ്വം നേർന്നുകൊള്ളുന്നു.

# കുടുംബസംഗമം




*സംഗമം ഉദ്ഘാടനം - ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ*



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കുടുംബക്ഷേമ പദ്ധതിയായ വീ-ഷെയർ, തൊഴിലധിഷ്ഠിത, ഉന്നത വിദ്യാഭ്യാസ പദ്ധതിയായ ഏ.സി.എസ്.ഐ. എന്നിവയുടെ ഗുണഭോക്താക്കളുടെ കുടുംബസംഗമം അമലനിലയത്തിൽ ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ സാമ്പത്തി കവശത്തേക്കാൾ പരസ്പര സഹകരണത്തിലൂന്നിയ വ്യക്തിബന്ധം സ്ഥാപിക്കുക എന്ന വലിയ ലക്ഷ്യംകൂടി ഇതിന്റെ പ്രവർത്തനങ്ങൾക്ക് പിന്നിലുണ്ട്. അമേരിക്കയിലും, ഫ്രാൻസിലുമുള്ള സാധാരണക്കാരായ ചില മനുഷ്യരുടെ സന്മനസ്സാണ് ഈ പദ്ധതികളുടെ അടിത്തറ. അതുകൊണ്ട് തന്നെ യാന്ത്രികമായാവരുത് നാം അവർക്ക് കത്തുകളെഴു



തേണ്ടത്. അക്ഷരമെന്ന മാധ്യമത്തിലുപരി നമ്മുടെ സ്നേഹവും അതിൽ നിഴലിക്കണം. കുട്ടികൾ അറിവിന്റെ ലോകത്ത് വളരണം. മൊബൈൽ ഫോണിൽ മാത്രമായി ഒതുങ്ങരുത്. അത് നൽകുന്നത് കേവല വിവരം മാത്രമാണ്. നിങ്ങളുടെ മാതാപിതാക്കളുടെ അധ്വാനം. വി.എസ്.എസ്. എസിന്റെ പിന്തുണ ഇവയ്ക്കനുസൃതമായ വളർച്ച നിങ്ങൾ നേടിയിട്ടുണ്ടോ എന്ന ആത്മ പരിശോധനയും വേണം. ബഹു. അഗസ്റ്റിനച്ചൻ ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു.

പുതിയ കാലത്തിനനുസരിച്ച് നമ്മുടെ കാഴ്ചപ്പാടുകളും മാറണം. തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് പകർന്നു കിട്ടിയത് അതേപടി മക്കൾക്ക് കൈമാറാൻ ശ്രമിക്കരുത്. കാരണം അവരുടെ ലോകം കുറെകൂടി വ്യത്യസ്തമാണ്. ശരിയായ രക്ഷകർതൃത്വം എന്ന വിഷയത്തിൽ മാതാപിതാക്കൾക്കായി ക്ലാസ് നയിച്ച അസി ഡയറക്ടർ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിൽ ചൂണ്ടിക്കാട്ടി. മക്കളെ തിരുത്തുക മാത്രമല്ല ആവശ്യമുള്ളിടത്ത് അവരെ അഭിനന്ദിക്കുകയും വേണം. മറ്റൊരു വ്യക്തി എന്ന നിലയിൽ കൂടി വേണം അവരുമായ ഇടപഴകുന്നത്. അവർക്ക് തനിയെ ചെയ്യാൻ കഴിയുന്നത് അവർ ചെയ്യട്ടെ. മകന്റെ അഭിരുചിയെ ന്തെന്നറിയാതെ അവനെ ലോകമറിയുന്നൊരു ഗണിതശാസ്ത്രജ്ഞനാ ക്കാൻ ശ്രമിച്ചു പരാജയപ്പെട്ട ഒരപ്പൻ, തെല്ലും സ്വാതന്ത്രമില്ലാതെ വളർന്ന് അപ്പനോട് വെറുപ്പ് മാത്രം സൂക്ഷിക്കുന്ന മകൻ ഇവരുടെ സംഘർഷ നിമിഷങ്ങളിലൂടെ കടന്ന് അവസാനം കുടുംബത്തിന്റെ തന്നെ നാശത്തിൽ കലാശിക്കുന്ന കഥപറയുന്ന 'സ്ഫടികം' സിനിമയുടെ നുറുങ്ങുകൾ പ്രദർ ശിപ്പിച്ചുകൊണ്ട് ഫാ. ലിനോസ് ബിവേര വ്യക്തമാക്കി. കുട്ടികൾക്കായി വ്യക്തിത്വവികസനം എന്ന വിഷയത്തിൽ ബാലവേദി കോ–ഓർഡിനേറ്റർ ഷിലി എബ്രഹാമും, ഭാവി നിർദ്ദേശങ്ങളെക്കുറിച്ച് അരുൺ ഫ്രാൻസിസും ക്ലാസ്സുകൾ നൽകി. കോ–ഓർഡിനേറ്റർമാരായ സിസ്റ്റർ സൂസൻ. മോൻസി ബാബു എന്നിവർ സംസാരിച്ചു. 240 പേർ പങ്കെടുത്തു.

# വേനൽക്കാല കൂട്ടായ്മ





കുട്ടികളിൽ വിദ്യാഭ്യാസ പരിപോഷണ പ്രവർത്തനങ്ങൾ നടത്തുക, സാംസ്കാരിക, സാമൂഹ്യാഭിരുചികൾ വളർത്തി അവരെ ചിന്താശേഷിയും, അവകാശബോധമുള്ളവരുമാക്കുക എന്നീ ലക്ഷ്യത്തോടെ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപീകൃതമായി ട്ടുള്ളവയാണ് വിജയ് ബാലവേദികൾ.

വിജയ് ബാലവേദി അംഗങ്ങൾക്കായി നടത്തിവരാറുള്ള വേനൽക്കാല കൂട്ടായ്മകൾ കോട്ടയം, പട്ടിത്താനം, തിരുവല്ല, മുണ്ടക്കയം, മേഖലകളിലെ 30 ഇടവകകളിലായി ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തപ്പെട്ടു. സ്വാവബോധം, ആശയവിനിമയം, തീരുമാനമെടുക്കൽ, പ്രശ്ന പരിഹാരം, വിമർശനാത്മക സർഗ്ഗാത്മക ചിന്തകൾ എന്നിവയിൽ ആകർഷകമായ വിനോദോപാധികൾ വഴി ക്ലാസുകൾ സംഘടിപ്പിച്ചു. ബാലവേദി കോ-ഓർഡിനേറ്റർമാരായ ഷിലി എബ്രഹാം, ശില്പ ബാബു, പ്രമീല





ജോർജ് (സി.ഡി.ഒ), മിനി ജോസഫ് (സി.ഡി.ഒ) എന്നിവർ ക്ലാസുകൾ നയിച്ചു. ബഹു. വികാരിമാരുടെ നേതൃത്വത്തിൽ പി.ഡി.സി. അംഗങ്ങൾ, ആനിമേറ്റർമാർ, രക്ഷാധികാരികൾ പഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ ക്രമീകരണങ്ങൾക്ക് സഹായിച്ചു. 600 പേർ വിവിധയിടങ്ങളിലായി പങ്കെടുത്തു.

# നേത്രപരിശോധനാ ക്യാമ്പ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി വയോജനങ്ങൾക്കായി ഇലയ്ക്കാട് സെന്റ് മേരീസ് ഇടവകയിൽ സംഘടിപ്പിച്ച സൗജന്യ നേത്രപരിശോധനാക്യാമ്പ് പട്ടിത്താനം മേഖലാ പ്രസിഡന്റ് ഫാ. തോമസ് പഴവക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ വിജയപുരം സോഷ്യൽ സർവ്വീസ് ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. വികാരി. ഫാ. ഡൊമിനിക് സാവിയോ ആശംസയർപ്പിച്ചു. കോ-ഓർഡിനേറ്റർ സി. സൂസൻ, സി.ഡി.ഒ, പ്രമീല ജോർജ്, ബെന്നി കെ., ആനിമേറ്റർ സ്മിതാ ബിജു എന്നിവർ സംസാരിച്ചു. 91 പേർ പരിശോധനയ്ക്ക് വിധേയരായി. 22 പേർക്ക് സൗജന്യ നിരക്കിൽ കണ്ണട വിതരണം ചെയ്തു.

വരാപ്പുഴ അതിരൂപതയുടെ
സഹായ മെത്രാനായി നിയുക്തനായ



# റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കലിന്

**വിജയപുരം രൂപതയുടെ**
**പ്രാർത്ഥനാശംസകൾ!**

JUNE 2024
Vol. 17 • Issue 6
Published on
1st June 2024

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
Union Bank of India

Kodimatha Branch
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



യൂണിയൻ ഗോൾഡ് ലോൺ

KCC സ്വർണ്ണ വായ്പ 4% പലിശ മാത്രം

- ഗ്രാമിന് പരമാവധി **4722 രൂപ** വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക്
സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച്
ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ
4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം
തിരികെ ലഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്:
**0481-2581213, 8369774730, 7012204575**



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm. at Good Shepherd Press, Kottayam, Kerala. # 0481-2569188